No. CEE/953/2017/MPH-2017/TA4

കേരള ർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## <u>വിജ്ഞാപനം</u>

## <u>എം.ഫാം കോഴ്സിലേയ്ക്കുള്ള പ്രവേശനം- 2017</u>
## <u>അപേക്ഷകൾ ക്ഷണിച്ചു</u>

1. കേരളത്തിലെ സർക്കാർ ഫാർമസി കോളേജുകളിലേയ്ക്കും, സ്വാശ്രയ ഫാർമസി കോളേജുകളിൽ ലഭ്യമായ സർക്കാർ മെരിറ്റ് സീറ്റുകളിലേയ്ക്കും 2017–18 അദ്ധ്യയന വർഷത്തിലെ എം.ഫാം കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിനായി ഗ്രാജ്വേറ്റ് ഫാർമസി ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് (GPAT) 2017 പരീക്ഷയിൽ യോഗ്യത നേടിയ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

2. **പ്രവേശനത്തിന് വേണ്ട യോഗ്യതകൾ:**

(a) **വിദ്യാഭ്യാസ യോഗ്യതകൾ:** കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽ നിന്നോ, അല്ലെങ്കിൽ കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസും, ആൾ ഇന്ത്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂകേഷൻ,ന്യൂ ഡെൽഹി, ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യയും അംഗീകരിച്ച മറ്റ് സർവ്വകലാശാലയിൽ നിന്നോ മൂന്ന് വർഷം കൂടി ആകെ മിനിമം 55% മാർക്കോടെ നേടിയ ബി.ഫാം ബിരുദം (ബി.ഫാം II, III, IV വർഷം). എസ്.സി/എസ്.ടി വിഭാഗ്ത്തിൽപ്പെട്ട വിദ്യാർത്ഥികൾ മൂന്ന് വർഷം കൂടി 50% മാർക്ക് (ബി.ഫാം II, III, IV വർഷം) നേടിയാൽ മതിയാകും. കേരളത്തിന് പുറത്തുള്ള സർവ്വകലാശാലകളിൽ നിന്നും ബി.ഫാം പരീക്ഷ വിജയിച്ച വിദ്യാർത്ഥികൾ കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസിന്റെ അംഗീകാരം അക്കാദമിക് ഡാറ്റ നൽകുന്നതിനുള്ള അവസാന തീയതിയ്ക്ക് മുൻപ് വാങ്ങിയിരിക്കേണ്ടതാണ്.

(b) **നേറ്റിവിറ്റി:** <u>അപേക്ഷകൻ കേരളീയനായ ഇന്ത്യൻ പൗരനായിരിക്കണം.</u>

(c) **വയസ്:** ജനറൽ വിഭാഗം അപേക്ഷകർക്ക് ഉയർന്ന പ്രായ പരിധി ഇല്ല. സർവ്വീസ് വിഭാഗത്തിലുള്ള അപേക്ഷാർത്ഥികൾക്ക് ഉയർന്ന പ്രായപരിധി പ്രോസ്പെകടസ് ക്ലോസ് 8.1 പ്രകാരമായിരിക്കും.

3. **യോഗ്യതാ മാനദണ്ഡം:** സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെ എല്ലാ അപേക്ഷകരും ആൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ (AICTE) നടത്തിയ GPAT-2017 പരീക്ഷയിൽ യോഗ്യത നേടുകയും പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുകയും വേണം. അപേക്ഷാർത്ഥികൾ GPAT-2017 പരീക്ഷയിൽ കുറഞ്ഞ യോഗ്യതയായ 113 സ്കോർ നേടിയിരിക്കണം. എന്നാൽ എസ്.സി, എസ്.ടി, അംഗപരിമിത വിഭാഗങ്ങളിൽപ്പെടുന്നവർ കുറഞ്ഞത് 82 സ്കോർ നേടിയാൽ മതിയാകും.

4. **പ്രവേശന രീതി:** GPAT-2017 റാങ്ക് ലിസ്റ്റിന്റെയും പ്രോസ്പെക്ടസ് ക്ലോസ് 3 പ്രകാരമുള്ള നിശ്ചിത യോഗ്യതകളുടെയും അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റേയും വിവിധ സംവരണ വിഭാഗങ്ങൾക്കുള്ള കാറ്റഗറി ലിസ്റ്റിന്റേയും അടിസ്ഥാനത്തിലായിരിക്കും സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെ എല്ലാ അപേക്ഷകർക്കും പ്രവേശനം നൽകുന്നത്. GPAT സ്കോറുകൾ തമ്മിൽ ടൈ ഉണ്ടാകുന്ന പക്ഷം GPAT മെരിറ്റ് ലിസ്റ്റ് പ്രകാരം ഉയർന്ന റാങ്ക് ലഭിക്കുന്നവർക്ക് മുൻഗണന ലഭിക്കുന്നതാണ്.

5. **അപേക്ഷിക്കേണ്ട വിധം :**

2017 ലെ GPAT പരീക്ഷയിൽ യോഗ്യത നേടിയിട്ടുള്ള സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെ എല്ലാ അപേക്ഷാർത്ഥികളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ <u>**www.cee.kerala.gov.in**</u> എന്ന വെബ്സൈറ്റിലൂടെ **02.07.2017 മുതൽ 08.07.2017 വൈകുന്നേരം 5 മണി വരെ** അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. വിദ്യാർത്ഥികൾ തങ്ങളുടെ GPAT റോൾ നമ്പരും, രജിസ്ട്രേഷൻ ഐ.ഡിയും ഉപയോഗിച്ച് വെബ്സൈറ്റിൽ ലോഗ്–ഇൻ ചെയ്യേണ്ടതാണ്. ഓൺലൈൻ അപേക്ഷാ സമർപ്പണവേളയിൽ അപേക്ഷകൻ ബന്ധപ്പെട്ട എല്ലാ രേഖകളും പ്രോസ്പെക്ടസ് ക്ലോസ് 9.2.4 ലെ നിബന്ധനകൾക്കനുസൃതമായി അപ്ലോഡ് ചെയ്യേണ്ടതാണ്. <u>**ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അയയ്ക്കേണ്ടതില്ല.**</u> അപേക്ഷ ഫോം, പ്രോസ്പെക്ടസ് എന്നിവ നേഴ്സിംഗ് കോളേജുകളിൽ നിന്നോ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ ലഭിക്കുന്നതല്ല.

6. **അപേക്ഷാ ഫീസ്:** ജനറൽ/സർവ്വീസ് വിഭാഗത്തിന് 600/- രൂപയും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 300/- രൂപയുമാണ് അപേക്ഷാ ഫീസ്. അപേക്ഷ ഫീസ് ഓൺലൈൻ പേയ്മെന്റ് ഗേറ്റ് വേയിലൂടെ ഇന്റർനെറ്റ് ബാങ്കിംഗ്, ക്രെഡിറ്റ് കാർഡ്, ഡബിറ്റ് കാർഡ് മുഖേനയോ, ഓൺലൈൻ അപേക്ഷാ സമർപ്പണവേളയിൽ ലഭിക്കുന്ന ചെലാൻ ഉപയോഗിച്ച് കേരളത്തിലെ ഏതെങ്കിലും ഹെഡ്/സബ് പോസ്റ്റോ ഫീസ് മുഖാന്തിരമോ ഒടുക്കാവുന്നതാണ്.

7. **സർവ്വീസ് വിഭാഗത്തിലുള്ളവരുടെ അപേക്ഷകൾ:** സർവ്വീസ് വിഭാഗത്തിലുള്ള അപേക്ഷാർത്ഥികൾ ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനു പുറമെ അപേക്ഷയുടെ പ്രിന്റൗട്ട് പ്രോസ്പെക്ടസ് ക്ലോസ് 9.2.5-ൽ പറഞ്ഞിട്ടുള്ള രേഖകൾ സഹിതം **08.07.2017 വൈകുന്നേരം 5 മണിയ്ക്ക്** മുൻപ് അവരുടെ കൺട്രോളിംഗ് ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്. താമസിച്ച് ലഭിക്കുന്നതും ന്യൂനതകളുള്ളതും അപൂർണ്ണവുമായ അപേക്ഷകൾ നിരസ്സിക്കുന്നതാണ്. ഇത് സംബന്ധിച്ച് യാതൊരു വിധ കത്തിടപാടുകളും നടത്തുന്നതല്ല.

8. സർവ്വീസ് ക്വോട്ട ഉൾപ്പെടെ എല്ലാ സീറ്റുകളിലേക്കുമുള്ള തെരഞ്ഞെടുപ്പ്, സീറ്റ് അലോട്ട്മെന്റ് എന്നിവ കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയിലൂടെ സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസിലെ വിവിധ നിബന്ധനകൾക്ക് വിധേയമായി പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്നതാണ്.

9. ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് അപേക്ഷാർത്ഥികൾ www.cee-kerala.org എന്ന വെബ്സൈറ്റിൽ ലഭ്യമായ 2017 ലെ ബിരുദാനന്തര ബിരുദ ഫാർമസി കോഴ്സിലെ പ്രവേശനത്തിനുള്ള പ്രോസ്പെക്ടസിലെ വിശദാംശങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
30.06.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**